ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 29.09.2025**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയം നിയമസഭ ചർച്ച ചെയ്തു തള്ളി.
2. ഹൃദയാഘാത പ്രഥമ ശുശ്രൂഷയ്ക്ക് ജനങ്ങളെ പ്രാപ്തരാക്കാൻ ലക്ഷ്യമിടുന്ന ഹൃദയപൂർവം പരിശീലന പരിപാടിയ്ക്ക് സംസ്ഥാനത്ത് തുടക്കം. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു.
3. ദാദാസാഹിബ് ഫാൽക്കേ പുരസ്കാരം നേടിയ നടൻ മോഹൻലാലിന് സംസ്ഥാന സർക്കാർ ശനിയാഴ്ച തലസ്ഥാനനഗരിയിൽ ആദരം നൽകും.
4. നവരാത്രിയോട് അനുബന്ധിച്ച് സംസ്ഥാനത്ത് ഇന്ന് പൂജവെയ്പ്. തിരുവനന്തപുരത്ത് നവരാത്രി മണ്ഡപത്തിലുൾപ്പെടെ സംസ്ഥാനത്തുടനീളം ക്ഷേത്രങ്ങളിൽ ഭക്തജനത്തിരക്ക്.
5. മലപ്പുറം വണ്ടൂരിൽ ഒരു കുടുംബത്തിലെ മൂന്ന് പേർക്ക് മലമ്പനി സ്ഥിരീകരിച്ചു. ജാഗ്രത കർശനമാക്കി ആരോഗ്യവകുപ്പ്.

RNU TVPM

## നിയമസഭ (ഇൻട്രോ)

തീവ്ര വോട്ടർ പട്ടികാ പരിഷ്കരണം സുതാര്യമായി നടത്തണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെടുന്ന പ്രമേയം ഐകകണ്ഠേന അംഗീകരിച്ച് കേരള നിയമസഭ. SIRലെ ചില നിബന്ധനകൾ പ്രായപൂർത്തി വോട്ടവകാശത്തെ ഹനിക്കുന്നതായി പ്രമേയം അവതരിപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയം നിയമസഭ ചർച്ച ചെയ്യു തള്ളി. സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കമുണ്ടെങ്കിലും, കാര്യങ്ങൾ നിന്നുപോകുന്ന അവസ്ഥയില്ലെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. ചരിത്രത്തിൽ കണ്ടിട്ടില്ലാത്ത അത്രയും രൂക്ഷമായ പ്രതിസന്ധിയിലൂടെയാണ് കേരളം കടന്നുപോകുന്നതെന്ന് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ ചൂണ്ടിക്കാട്ടി.

***കൂടുതൽ വിവരങ്ങളുമായി നിയമസഭയിൽ നിന്നും ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.... (ഹോൾഡ്)***

RNU TVPM

## ഹൃദയപൂർവം പദ്ധതി: മുഖ്യമന്ത്രി

ആരോഗ്യ രംഗത്ത് വലിയ രീതിയിലുള്ള ജനകീയ മുന്നേറ്റങ്ങളിലൂടെ മാതൃകയായ സംസ്ഥാനമാണ് കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന ആരോഗ്യ വകുപ്പിൻ്റെ ഹൃദയാഘാത പ്രഥമ ശുശ്രൂഷാ പരിശീലന ക്യാമ്പയിൻ 'ഹൃദയപൂർവം' തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. യുവജനങ്ങളെയടക്കം പ്രഥമ ശുശ്രൂഷ നൽകാൻ പ്രാപ്തരാക്കുക, ഹൃദയസ്തംഭനത്തിൻ്റെ ലക്ഷണങ്ങൾ തിരിച്ചറിയാനുള്ള അവബോധം സൃഷ്ടിക്കുക

എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 200 സ്ഥലങ്ങളിലാണ് ഇന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചത് .

❁❁❁❁❁❁❁❁❁❁❁❁❁

## സജി ചെറിയാൻ - മോഹൻലാലിന് ആദരം

ദാദാസാഹിബ് ഫാൽക്കേ പുരസ്കാരം നേടിയ നടൻ മോഹൻലാലിന് സംസ്ഥാന സർക്കാർ ശനിയാഴ്ച തലസ്ഥാനനഗരിയിൽ ആദരം നൽകും. സെൻട്രൽ സ്റ്റേഡിയത്തിൽ വൈകുന്നേരം അഞ്ച് മണിക്ക് നടക്കുന്ന അനുമോദന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ശ്രീ മോഹൻലാലിനെ ആദരിക്കും. 'മലയാളം വാനോളം, ലാൽസലാം' എന്ന് പേരിട്ടിരിക്കുന്ന ചടങ്ങിൽ ചലച്ചിത്ര, രാഷ്ട്രീയ, സാമൂഹിക മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങൾ അണിനിരക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## സ്വർണപാളി വിഷയം---ഹൈ ക്കോടതി.(1)

RNUTVPM

ശബരിമല ക്ഷേത്രത്തിലെ സ്വർണപാളികളുമായി ബന്ധപ്പെട്ട വിഷയത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനെ വിമർശിച്ച് കേരളാ ഹൈക്കോടതി. വിലപിടിപ്പുള്ള വസ്തുക്കളുടെ വിവരങ്ങൾ സംബന്ധിച്ച് കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ ദേവസ്വം ബോർഡ് പിഴവുവരുത്തിയതായി കോടതി പറഞ്ഞു. ജസ്റ്റിസ് രാജ വിജയരാഘവൻ വി, ജസ്റ്റിസ് കെ വി ജയകുമാർ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചാണ് കേസ് പരിഗണിച്ചത്. അന്വേഷണം കർശനമായ രീതിയിൽ തുടരാനും പൊരുത്തക്കേടുകൾ വെളിച്ചത്തുകൊണ്ടുവരാനും
ചീഫ് വിജിലൻസ് ഓഫീസറോട് കോടതി നിർദ്ദേശിച്ചു .

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി- പലസ്തീൻ

പലസ്തീൻ ജനതയ്ക്ക് കേരളത്തിൻറെ ഐക്യദാർഢ്യം അറിയിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. ഇന്ത്യയിലെ പലസ്തീൻ അംബാസിഡറായ അബ്ദുള്ള അബു ഷാവേഷിനോടാണ് മുഖ്യമന്ത്രി

കേരളത്തിൻറെ പിന്തുണ അറിയിച്ചത്. നിയമസഭയിലെ മുഖ്യമന്ത്രിയുടെ ചേമ്പറിൽ ആയിരുന്നു കൂടിക്കാഴ്ച.

❁❁❁❁❁❁❁❁❁❁❁❁❁

## മാധ്യമോത്സവം - മുഖ്യമന്ത്രി ഇൻട്രോ

കേരള മീഡിയ അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര മാധ്യമോത്സവത്തിന് പലസ്തീൻ ഐക്യദാർഢ്യ സമ്മേളനത്തോടെ തിരുവനന്തപുരത്ത് ഇന്ന് തുടക്കമായി. മാധ്യമോത്സവത്തിൻറെ ഔദ്യോഗിക ഉദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ല പ്രതിനിധി രെജു കോലിയക്കോട്....**
(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## സേവ പർവ്വ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ, രാജ്യത്തെ റെയിൽവേ മേഖലയിൽ നടപ്പാക്കിയ പരിഷ്ക്കാരങ്ങളെക്കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്...
(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## അനൗൺസ്മെൻറ്

സേവാ പർവ്വിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയിൽ, രാജ്യം കഴിഞ്ഞ ഏഴ് ദശാബ്ദത്തിനിടെ കൈവരിച്ച വിദ്യാഭ്യാസ പുരോഗതിയെക്കുറിച്ചുള്ള ചർച്ച നാളെ ഉച്ച കഴിഞ്ഞ് 03.30 ന് പ്രക്ഷേപണം ചെയ്യും. കേന്ദ്ര സർവ്വകലാശാല മുൻ പ്രൊ വൈസ് ചാൻസലർ കെ ജയപ്രസാദ് സംസാരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## മലമ്പനി-മലപ്പുറം

മലപ്പുറം വണ്ടൂരിൽ ഒരു കുടുംബത്തിലെ മൂന്ന് പേർക്ക് മലമ്പനി സ്ഥിരീകരിച്ചു. ഉത്തർപ്രദേശ് സ്വദേശികളായ ഇവർ നാട്ടിൽപ്പോയി മടങ്ങിയെത്തിയ ശേഷമാണ് രോഗം സ്ഥിരീകരിച്ചത്. ആരോഗ്യ പ്രവർത്തകർ പ്രദേശത്ത് പ്രതിരോധ പ്രവർത്തനം ഊർജ്ജിതമാക്കി. കഴിഞ്ഞ ദിവസം നടത്തിയ പരിശോധനയിൽ രോഗം പരത്തുന്ന അനോഫിലിസ് വിഭാഗത്തിൽപ്പെട്ട കൊതുകിനെയും കൊതുകിന്റെ ലാർവയെയും ഇവിടെ നിന്ന് കണ്ടെത്തിയിരുന്നു. രോഗബാധ നിലനിൽക്കുന്ന പ്രദേശത്തെ കുടിവെള്ള ടാങ്കുകൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലും പരിശോധന നടന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## പൂജവയ്പ്

നവരാത്രിയോട് അനുബന്ധിച്ച് സംസ്ഥാനത്ത് ഇന്ന് പൂജവെയ്പ്. വാഗ്ദേവതയായ സരസ്വതിയുടെ കടാക്ഷത്തിനായാണ് ഗ്രന്ഥങ്ങളും പഠനോപകരണങ്ങളും പൂജവയ്ക്കുന്നത്. വീടുകളിലും, ക്ഷേത്രങ്ങൾ ഉൾപ്പെടെയുള്ള ആരാധനാലയങ്ങളിലും പൂജവെയ്പ് ചടങ്ങ് നടക്കുന്നുണ്ട്. നാളെയാണ് ദുർഗ്ഗാഷ്ടമി. വ്യാഴാഴ്ച വിജയദശമി നാളിലാണ് പൂജയെടുപ്പ്. വിജയദശമി ദിവസം നടക്കുന്ന വിദ്യാരംഭച്ചടങ്ങിനായും സംസ്ഥാനത്ത് വിപുലമായ ക്രമീകരണങ്ങളാണ് നടക്കുന്നത്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## പ്രത്യേക ട്രെയിൻ സർവ്വീസ്

പൂജവെയ്പ്പ് ഉത്സവകാലത്തെ തിരക്ക് കണക്കിലെടുത്ത് ചെന്നൈയിൽ നിന്ന് തിരുവനന്തപുരത്തേക്ക് പ്രത്യേക ട്രെയിൻ സർവ്വീസ് നടത്തുമെന്ന് റെയിൽവെ. ചെന്നൈ എഗ്മോറിൽ നിന്ന് നാളെ രാത്രി 10.15 ന് പുറപ്പെടുന്ന ട്രെയിൻ കോട്ടയം വഴി മറ്റെന്നാൾ ഉച്ചയ്ക്ക് 2.05 ന് തിരുവനന്തപുരം നോർത്തിലെത്തും. ഞായറാഴ്ച വൈകിട്ട് 4.30 നാണ് തിരിച്ചുള്ള സർവീസ്.

## ബിഎസ്എൻഎൽ

തിരുവനന്തപുരം ജില്ലയിലെ എഫ്ടിടിഎച്ച് കണക്ഷനുകൾ ഒരു ലക്ഷമാക്കാൻ ഒരുങ്ങി ബിഎസ്എൻഎൽ. തിരുവനന്തപുരം സ്റ്റാച്യുവിലെ ബിഎസ്എൻഎൽ ഓഫീസിൽ നടന്ന പ്രതിമാസ ഇൻ്റർ മീഡിയ പബ്ലിസിറ്റി കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ സംസാരിക്കവെ തിരുവനന്തപുരം സർക്കിൾ പ്രിൻസിപ്പൽ ജനറൽ മാനേജർ ശ്രീ പി ജി നിർമലാണ് ഇക്കാര്യം അറിയിച്ചത്. പി.ഐ.ബി, ആകാശവാണി, ദൂരദർശൻ തുടങ്ങി വിവിധ മാധ്യമ സ്ഥാപനങ്ങളുടെ മേധാവികൾ യോഗത്തിൽ പങ്കെടുത്തു.

## സി എം വിത്ത് മി

ഭരണസംവിധാനത്തിൻറെ പരമമായ ഉത്തരവാദിത്വം ജനങ്ങളോടാണെന്നും ഈ തത്വം അക്ഷരാർത്ഥത്തിൽ നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും മുഖ്യമന്ത്രിയോട് പറയുന്നതിനായി ആരംഭിച്ച 'മുഖ്യമന്ത്രി എന്നോടൊപ്പം' സിറ്റിസൺ കണക്ട് സെൻററിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. 1800-425-6789 എന്ന ടോൾഫ്രീ നമ്പരിലൂടെയാണ് ജനങ്ങൾക്ക് അഭിപ്രായങ്ങൾ പങ്കുവയ്ക്കാൻ കഴിയുക.

RNU TVPM

## പിഎസ്സി - കോപ്പിയടി കേസ്

പിഎസ്സി പരീക്ഷാ കോപ്പിയടി കേസിൽ മുഖ്യപ്രതിയെ സഹായിച്ച പെരളശ്ശേരി സ്വദേശി എ സബീലിനെ കണ്ണൂർ ടൗൺ പോലീസ് അറസ്റ്റ് ചെയ്തു. അസിസ്റ്റൻറ് ഗ്രേഡ് 1 തസ്തികയ്ക്കുള്ള പരീക്ഷയ്ക്കിടെ ബട്ടൺ ക്യാമറ വഴി ചോദ്യപേപ്പർ സുഹൃത്തായ സബീലിന് അയച്ചതിന് ശേഷം ബ്ലൂടൂത്ത് ഹെഡ്സെറ്റിലൂടെ ഉത്തരങ്ങൾ കൈപ്പറ്റി പരീക്ഷയെഴുതുകയായിരുന്നു മുഖ്യപ്രതി

മുഹമ്മദ് സഹദ്. നാലോളം പരീക്ഷകളിൽ സമാനമായ രീതിയിൽ കോപ്പിയടിച്ചിട്ടുണ്ടെന്ന് ഇയാൾ പോലീസിനോട് സമ്മതിച്ചു.

## സപ്ലൈകോ

സപ്ലൈകോയുടെ എല്ലാ വില്പനശാലകളും നാളെയും മറ്റെന്നാളും തുറന്നു പ്രവർത്തിക്കും. മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ളവ പ്രവർത്തിക്കുമെന്ന് സപ്ലൈകോ അധികൃതർ അറിയിച്ചു.

## ഓഹരി+സ്വർണം.

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം . സെൻസെക്സ് 61 പോയിൻ്റ് താഴ്ന്ന് 80,364 ലും, നിഫ്റ്റി 19 പോയിൻ്റ് നഷ്ടത്തിൽ 24,634 ലും വ്യാപാരം അവസാനിപ്പിച്ചു . സ്വർണ വിലയിൽ റെക്കോഡ് വർധന. പവന് 680 രൂപ വർധിച്ച് 85,360 രൂപയും, ഗ്രാമിന് 10,670 രൂപയുമായി. ഇതാദ്യമായാണ് പവന് വില 85,000 കടക്കുന്നത്

RNUTVPM

## ജി എസ് ടി - പരിഷ്ക്കരണം

സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്നതാണ് ഈ മാസം 22 നു പ്രാബല്യത്തിൽ വന്ന പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ. ആരോഗ്യ മേഖലയിലെ നികുതി ഇളവ് ജനങ്ങൾക്ക് ഏറെ ആശ്വാസമാവുകയാണ്. ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളുടെ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന 36 ജീവൻ രക്ഷാ മരുന്നുകളുടെ ജി എസ് ടി പൂർണമായി ഒഴിവാക്കി. ആരോഗ്യ ഇൻഷുറൻസ് പ്രീമിയത്തിനുള്ള 18 ശതമാനം ജി എസ് ടിയും പൂർണമായും ഒഴിവാക്കിയിട്ടുണ്ട്.